# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1143 12.07.2016-ലെ മറുപടിയ്ക്ക്

**തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം കൊണ്ട് പൊതുജനങ്ങൾക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ത്രിതല പഞ്ചായത്തുകളിലെയും നഗര സഭകളിലെയും പദ്ധതി ആസൂത്രണം, നിർവഹണം, മോണിറ്ററിംഗ് എന്നിവ മെച്ചപ്പെടും. പദ്ധതിയുടെ ഏകോപനവും വിഭവസമാഹരണവും കാര്യക്ഷമമാകും. അധികാര വികേന്ദ്രീകരണം സ്ഥാപനവൽക്കരിക്കപ്പെടും. |
| (ബി) വകുപ്പുകളുടെ ഏകീകരണംമൂലം നിലവിൽ വിവിധ വകുപ്പുകളിലൂടെയുള്ള വികേന്ദ്രീകൃത ഭരണ നിർവ്വഹണം കേന്ദ്രീകൃതമാക്കപ്പെടുമോ; | (ബി) | ഇല്ല. |
| (സി) വകുപ്പുതല ഏകീകരണത്തിന കമ്മീഷനെ നിയമിക്കുമോയെന്നും വകുപ്പുതല ഏകീകരണം എപ്പോൾ മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ; | (സി), (ഡി), (ഇ) & (എഫ്) | ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പ്രാരംഭ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) വകുപ്പുതല ഏകീകരണം സംബന്ധിച്ച രാഷ്ട്രീയ പാർട്ടികളുമായോ സർവ്വീസ് സംഘടനകളുമായോ ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (ഇ) വകുപ്പുതല ഏകീകരണത്തിലൂടെ നിലവിലുള്ള ഭരണ ചെലവിൽ കുറവ് ഉണ്ടാകുമോ; ഇല്ലെങ്കിൽ വർദ്ധന ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ; | | |

(എഫ്) വകുപ്പുതല ഏകീകരണത്തിനു മുമ്പായി പഞ്ചായത്തുകളിലെ ജോലിഭാരം കുറയ്ക്കുന്നതിനു സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമോ; ആയതിനു 2012-ലെ പഞ്ചായത്ത് സ്റ്റാഫ് പാറ്റേൺ പരിഷ്കരണ റിപ്പോർട്ട് പരിഗണിക്കുമോ; വകുപ്പുതല ഏകീകരണത്തിനു മുമ്പായി പഞ്ചായത്ത് വകുപ്പിലെ സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പരിഷ്കരിക്കുമോ; വകുപ്പുതല ഏകീകരണത്തിലൂടെ പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ബാധകമായ ജീവനക്കാർക്കു നിലവിൽ ലഭിച്ചു വരുന്ന പ്രമോഷൻ ആനുകൂല്യങ്ങളിൽ കുറവ് വരുമോയെന്ന് വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ